

# നിങ്ങളുടെ ചെറുകിട ബിസിനസ്സിനുള്ള ധനസമാഹരണം

2022-2023

**New York Immigration Coalition**
nyic.org

# ഉള്ളടക്കപ്പട്ടിക


## I. ആമുഖം

ഈ ഗൈഡ് ഉപയോഗിക്കുന്ന വിധം 1

## II. ബിസിനസ് ക്രെഡിറ്റ്

ബിസിനസ് ക്രെഡിറ്റിനെ മനസ്സിലാക്കൽ 2
ബിസിനസ് ക്രെഡിറ്റ് സ്ഥാപിക്കൽ 3

## III. ഫണ്ടിംഗ് ഓപ്ഷനുകൾ

സെൽഫ് ഫണ്ടിംഗ് 4
*കുടുംബവും സുഹൃത്തുക്കളും* 5
*ക്രൗഡ് ഫണ്ടിംഗ്* 6
*ക്രൗഡ് ഫണ്ടിംഗ് പ്ലാറ്റ്ഫോമുകൾ* 7
ഗ്രാന്റുകൾ 8
വായ്പകൾ 9
*ഒരു വായ്പയ്ക്ക് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ* 10
*ചെറുകിട ബിസിനസ് ലോൺ അപേക്ഷ പൊതുവായ ചെക്ക് ലിസ്റ്റ്* 11

## IV. സ്രോതസ്സുകൾ

ന്യൂയോർക്ക് സ്റ്റേറ്റ് കമ്മ്യൂണിറ്റി വികസന ധനകാര്യ സ്ഥാപനങ്ങൾ 12

## ഈ ഗൈഡ് ഉപയോഗിക്കുന്ന വിധം

ഒരു ചെറുകിട ബിസിനസ് ആരംഭിക്കുന്നതിനോ വളർത്തുന്നതിനോ ഉള്ള ഒരു പ്രധാന ഘടകം നിങ്ങളുടെ ബിസിനസ്സിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുന്ന ഫണ്ടിംഗ് ഓപ്ഷനുകൾ മനസ്സിലാക്കുക എന്നതാണ്. ന്യൂയോർക്ക് സംസ്ഥാനത്തിലെ സ്വയം തൊഴിൽ ചെയ്യുന്നവരിൽ 33.8% കുടിയേറ്റക്കാരുടെ ഉടമസ്ഥതയിലുള്ള ചെറുകിട ബിസിനസ്സുകളാണ്, കുടിയേറ്റ ചെറുകിട ബിസിനസ് ഉടമകളെയും സംരംഭകരെയും സഹായിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന പ്രസക്തമായ വിവരങ്ങളുമായും വിഭവങ്ങളുമായും ഈ കമ്മ്യൂണിറ്റിയെ ബന്ധിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.

ഈ ഗൈഡ് കുടിയേറ്റ ചെറുകിട ബിസിനസ് ഉടമകൾക്ക് ബിസിനസ് ക്രെഡിറ്റ് സ്ഥാപിക്കുന്നതിനുള്ള ആമുഖമായും ഫണ്ടിംഗ് ഓപ്ഷനുകളുടെ ഒരു വിഹഗവീക്ഷണമായും ഒരു പൊതു വായ്പാ അപേക്ഷയുടെ രൂപരേഖയായും ഉപയോഗിക്കുന്നതിനുള്ള ഒരു ഉപകരണമായിരിക്കും. നിങ്ങൾ തിരഞ്ഞെടുക്കുന്ന ഫണ്ടിംഗ് ഓപ്ഷനുകൾക്ക് നിങ്ങളുടെ ബിസിനസ് ഘടനയിന്മേലും സാമ്പത്തിക ഭാവിയുടെ മേലും ഒരു പ്രഭാവമുണ്ടാവും. നിങ്ങളുടെ ബിസിനസ് ലക്ഷ്യങ്ങളിൽ എത്തിച്ചേരുന്നതിനും നിങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഫണ്ടിംഗ് നിങ്ങളെ എങ്ങനെ സഹായിക്കുമെന്ന് പരിഗണിക്കേണ്ടത് പ്രധാനമാണ്.

ഈ ഗൈഡ് ലൈസൻസുകളോ പെർമിറ്റുകളോ പോലുള്ള ആവശ്യകതകൾ ഉൾക്കൊള്ളുന്നില്ല. ഈ ഗൈഡ് ബിസിനസ് ഫണ്ടിംഗ് ആശയങ്ങളുടെ ഒരു പൊതുവീക്ഷണമായി ഉപയോഗിക്കണം. കൂടുതൽ സ്രോതസ്സുകൾക്ക് ഞങ്ങളുടെ കുടിയേറ്റ ചെറുകിട ബിസിനസ് ഗൈഡ് ഇവിടെ അവലോകനം ചെയ്യുക: **https://www.nyic.org/immigrant-small-business-guide/**

## ബിസിനസ് ക്രെഡിറ്റിനെ മനസ്സിലാക്കൽ

നിങ്ങളുടെ ബിസിനസ്സിനായുള്ള ഫണ്ടിംഗിനെ കുറിച്ച് തീരുമാനിക്കുന്നതിന് മുമ്പ്, നിങ്ങൾ ബിസിനസ് ക്രെഡിറ്റ് സ്ഥാപിക്കേണ്ടതുണ്ട്. **ബിസിനസ് ക്രെഡിറ്റ്,** വ്യക്തിഗത ക്രെഡിറ്റ് പോലെതന്നെ, നിങ്ങൾക്ക് വായ്പ നല്കുന്നത് സുരക്ഷിതമാണോ എന്ന് വായ്പ കൊടുക്കുന്നവരെ അറിയിക്കുന്നു. വായ്പായോഗ്യത അല്ലെങ്കിൽ സാമ്പത്തിക സഹായം സ്വീകരിക്കുന്നതിന് ഒരു ബിസിനസ് എത്രത്തോളം അനുയോജ്യമാണ് എന്ന് മനസ്സിലാക്കാൻ ഇത് വായ്പ നല്കുന്നവരെ സഹായിക്കുന്നു. നിങ്ങളുടെ ബിസിനസ്സിന്റെ സാമ്പത്തിക ചരിത്രവും കടങ്ങൾ തിരിച്ചടയ്ക്കാനുള്ള ശേഷിയും പരിശോധിച്ച് ഇതു മനസ്സിലാക്കാൻ വായ്പ നല്കുന്നവർക്ക് അറിയാം.

ബിസിനസ് ക്രെഡിറ്റ് ബിസിനസ്സിന്റെ പേരിൽ തന്നെ തുറക്കണം. ഇത് നിങ്ങളുടെ ബിസിനസ് ക്രെഡിറ്റും വ്യക്തിഗത ക്രെഡിറ്റും വെവ്വേറെയാണെന്ന് ഉറപ്പാക്കുന്നു. ഇത് പ്രധാനമാണ്, കാരണം:

- പ്രത്യേക ക്രെഡിറ്റ് ലൈനുകൾ നിങ്ങളുടെ ബിസിനസ് അഭിമുഖീകരിക്കാൻ സാധ്യതയുള്ള ഏത് പ്രതികൂല പ്രത്യാഘാതങ്ങളിൽ നിന്നും നിങ്ങളുടെ വ്യക്തിഗത ക്രെഡിറ്റിനെ സുരക്ഷിതമാക്കുന്നു
- നിങ്ങളുടെ ബിസിനസ്സിന് ഒരു ക്രെഡിറ്റ് കെട്ടിപ്പടുക്കാൻ സാധിക്കും, അതുപോലെ വായ്പകളും ഫണ്ടിംഗിനുള്ള മറ്റ് സ്രോതസ്സുകളും കരസ്ഥമാക്കാനുള്ള നിങ്ങളുടെ സാധ്യതകൾ മെച്ചപ്പെടുത്താനും കഴിയും
- നികുതികൾക്കായുള്ള ബിസിനസ് ചെലവുകൾ നിങ്ങൾക്ക് കൂടുതൽ നന്നായി തിരിച്ചറിയാനാകും

## ക്രെഡിറ്റ് ചരിത്രം

ക്രെഡിറ്റ് ചരിത്രം ഫണ്ടിംഗ് അവസരങ്ങൾ, ഇൻഷുറൻസ് നിരക്കുകൾ എന്നിവയെ സ്വാധീനിക്കുകയും നിങ്ങളുടെ ബിസിനസ്സുമായി പ്രവർത്തിക്കാൻ അവർ തയ്യാറാണോ എന്ന് തീരുമാനിക്കാൻ സാധ്യതയുള്ള ബിസിനസ് പങ്കാളികളെയും വിതരണക്കാരെയും വെണ്ടർമാരെയും സഹായിക്കുകയും ചെയ്യുന്നു. നിങ്ങളുടെ ബിസിനസ്സിന് വളരാനും ലാഭകരമാകാനും കഴിയുമോ എന്ന് ക്രെഡിറ്റ് ചരിത്രം പങ്കാളികളെയും വായ്പ കൊടുക്കുന്നവരെയും അറിയിക്കുന്നു.

വായ്പകൾക്കായി ഒരു ബിസിനസ് അംഗീകരിക്കണമോ എന്ന് നിർണ്ണയിക്കാനായും വായ്പ കൊടുക്കുന്നവർ ക്രെഡിറ്റ് ചരിത്രം ഉപയോഗിക്കുന്നു. വായ്പക്കുള്ള യോഗ്യത നിർണയിക്കുമ്പോൾ വ്യക്തിഗത ക്രെഡിറ്റ് ചരിത്രവും ബിസിനസ് ക്രെഡിറ്റ് ചരിത്രവും പരിഗണിക്കപ്പെടുന്നു.

Experian, Equifax, Dun & Bradstreet എന്നിവ പോലുള്ള ക്രെഡിറ്റ് റിപ്പോർട്ടിംഗ് ഏജൻസികൾ നിങ്ങളുടെ ക്രെഡിറ്റ് വിലയിരുത്തുമ്പോൾ അവർ പലപ്പോഴും ഇനിപ്പറയുന്ന **ഘടകങ്ങൾ** ഉപയോഗിക്കുന്നു:

| | | |
|---|---|---|
| ബിസിനസ്സിൽ ഏർപ്പെട്ട വർഷങ്ങൾ | കഴിഞ്ഞ 9 മാസത്തിനുള്ളിൽ വിനിയോഗിച്ച ക്രെഡിറ്റ് ലൈനുകൾ | കഴിഞ്ഞ 6 മാസത്തിനുള്ളിൽ തുറന്ന ക്രെഡിറ്റ് ലൈനുകൾ |
| വൈകി നടത്തിയ പേയ്മെന്റുകളുടെ എണ്ണം | വ്യവസായത്തിന്റെയും കമ്പനിയുടെയും വലുപ്പം | കഴിഞ്ഞ 12 മാസത്തെ പേയ്മെന്റ് ചരിത്രം |

| ബിസിനസ് ക്രെഡിറ്റ് എങ്ങനെ സ്ഥാപിക്കാം | |
|---|---|
| **ഒരു ബിസിനസ് ഘടന തിരഞ്ഞെടുക്കുക** | • ഒരു ഏക ഉടമസ്ഥാവകാശം ഒഴികെ എല്ലാ ബിസിനസ് ഘടനകളും നിങ്ങളുടെ ബിസിനസ്സിനെ നിങ്ങളുടെ വ്യക്തിഗത ക്രെഡിറ്റിൽ നിന്ന് വേർതിരിക്കുന്നു<br>• ബിസിനസ് ഘടനകളെക്കുറിച്ച് നിങ്ങൾക്ക് ഇവിടെ കൂടുതലറിയാൻ കഴിയും: https://www.nyic.org/immigrant-small-business-guide/ |
| **ഒരു എംപ്ലോയീ ഐഡന്റിഫിക്കേഷൻ നമ്പർ (EIN) കരസ്ഥമാക്കുക** | • ഒരു EIN ഒരു ഫെഡറൽ ടാക്സ് ഐഡന്റിഫിക്കേഷൻ നമ്പർ എന്നും അറിയപ്പെടുന്നു. അത് ഒരു ബിസിനസ് സ്ഥാപനത്തെ തിരിച്ചറിയാൻ ഉപയോഗിക്കുന്നു. നിങ്ങൾക്ക് നികുതികൾ ഫയൽ ചെയ്യാനും ബിസിനസ് ബാങ്ക് അക്കൗണ്ട് തുറക്കാനും ബിസിനസ് ക്രെഡിറ്റ്, പെർമിറ്റുകൾ, ലൈസൻസുകൾ എന്നിവയ്ക്കായി അപേക്ഷിക്കാനും കഴിയുന്നതിനായി നിങ്ങളുടെ ബിസിനസ്സിന് ഒരു EIN ആവശ്യമാണ്.<br>• ഈ IRS ടൂൾ ഉപയോഗിച്ച് നിങ്ങൾക്ക് ഒരു EIN-ന് അപേക്ഷിക്കാനാവും: https://www.irs.gov/ein |
| **ഒരു ബിസിനസ് ബാങ്ക് അക്കൗണ്ട് തുറക്കുക** | നിങ്ങളുടെ സ്വകാര്യ, ബിസിനസ് ചെലവുകൾ വേർതിരിക്കുന്നതിന് ഒരു ബിസിനസ് ബാങ്ക് അക്കൗണ്ട് തുറക്കുന്നത് പ്രധാനമാണ്. ക്രെഡിറ്റ് അപേക്ഷകൾക്കുള്ള റഫറൻസുകളായും ബാങ്കുകൾക്ക് പ്രവർത്തിക്കാനാകും |
| **വെണ്ടർമാർ / വിതരണക്കാർക്കൊപ്പം ക്രെഡിറ്റ് സ്ഥാപിക്കുക** | വെണ്ടർമാരിൽ നിന്നും വിതരണക്കാരിൽ നിന്നും സാധനങ്ങൾ, ചേരുവകൾ അല്ലെങ്കിൽ മറ്റ് വസ്തുക്കൾ വാങ്ങുന്നത് നിങ്ങളുടെ ക്രെഡിറ്റ് കെട്ടിപ്പടുക്കാൻ സഹായിക്കുന്നു |


## സെൽഫ് ഫണ്ടിംഗ്

**സെൽഫ് ഫണ്ടിംഗ് അഥവാ ബൂട്ട്സ്ട്രാപ്പിംഗ്** നിങ്ങളുടെ സ്വന്തം സ്രോതസ്സുകൾ വിനിയോഗിച്ച് നിങ്ങളുടെ ബിസിനസ്സിന് ധനസഹായം നൽകുമ്പോഴാണ്. പുതിയ ബിസിനസ് ഉടമകൾക്ക് അവരുടെ ബിസിനസ്സിന് പൂർണ്ണമായി ധനസഹായം നൽകുന്നതിനുള്ള പണ വിഭവങ്ങൾ ഉണ്ടായിരിക്കുന്നത് സാധാരണമല്ല, അതിനാൽ അവർ സ്റ്റോക്കുകൾ അല്ലെങ്കിൽ നിക്ഷേപങ്ങൾ, വ്യക്തിഗത ക്രെഡിറ്റ് കാർഡുകൾ അല്ലെങ്കിൽ വായ്പകൾ പോലുള്ള മറ്റ് ആസ്തികൾ പരിഗണിക്കണം.

സെൽഫ് ഫണ്ടിംഗ് ബിസിനസ് ഉടമകൾക്ക് തീരുമാനങ്ങൾ എടുക്കാനും വിൽപ്പനയിൽ നിന്നും നിക്ഷേപങ്ങളിൽ നിന്നും ലാഭത്തിന്റെ 100% ശേഖരിക്കാനുമുള്ള സ്വാതന്ത്ര്യം അനുവദിക്കുന്നു സ്വയം ധനസഹായം നൽകുമ്പോൾ, ബിസിനസ്സുമായി ബന്ധപ്പെട്ട എല്ലാ അപകടസാധ്യതകളും ഉത്തരവാദിത്തങ്ങളും ബിസിനസ് ഉടമ ഏറ്റെടുക്കേണ്ടതുണ്ടെന്ന കാര്യം ഓർത്തിരിക്കേണ്ടത് പ്രധാനമാണ്.

സ്വയം ധനസഹായം നൽകുമ്പോൾ, നിങ്ങളുടെ ബിസിനസ് എത്രയും വേഗം ലാഭകരമാണെന്ന് ഉറപ്പാക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങൾ ബിസിനസ്സിൽ നിക്ഷേപിച്ച പണം തിരിച്ചു പിടിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു.

നിക്ഷേപകരിലേക്കോ ബാങ്കുകളിലേക്കോ തിരിയുന്നതിനുപകരം, ബൂട്ട്സ്ട്രാപ്പർമാർ പലപ്പോഴും അവരുടെ കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും സഹായമോ ക്രൗഡ് ഫണ്ടോ ആവശ്യപ്പെടും.



## കുടുംബവും സുഹൃത്തുക്കളും

കുടുംബാംഗങ്ങളും സുഹൃത്തുക്കളും, നിങ്ങളുമായുള്ള വ്യക്തിപരമായ ബന്ധവും നിങ്ങളുടെ ലക്ഷ്യങ്ങളിലും കഴിവുകളിലും ഉള്ള വിശ്വാസവും മൂലം ചെറുകിട ബിസിനസ് ഉടമകൾക്ക് സഹായത്തിന്റെ ആദ്യ ഉറവിടങ്ങളാണ്.

ചില ബിസിനസുകൾ വായ്പകൾക്കായി അപേക്ഷിക്കുമ്പോഴും നിക്ഷേപകരെ തേടുമ്പോഴും നേരിടുന്ന തടസ്സങ്ങൾ കാരണം, സുഹൃത്തുക്കളിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നുമുള്ള സാമ്പത്തിക സഹായം പലപ്പോഴും ഒരു പ്രധാന ആശ്രയമാണ്. സമ്മാനങ്ങൾ, വായ്പകൾ അല്ലെങ്കിൽ നിക്ഷേപങ്ങൾ എന്നിവയിലൂടെ അവർക്ക് നിങ്ങളുടെ ബിസിനസിനെ സാമ്പത്തികമായി പിന്തുണയ്ക്കാൻ കഴിയും. ഉപാധികളില്ലാതെ പണമോ, കൂടുതൽ അയവുള്ള തിരിച്ചടവ് അവധികൾ വാഗ്ദാനം ചെയ്യുന്ന വായ്പയോ നൽകാനും അവർക്ക് കഴിയും.

നിങ്ങളുടെ ബിസിനസ്സുമായി ബന്ധപ്പെട്ട അപകടസാധ്യതകളോടും ഉത്തരവാദിത്തങ്ങളോടും എപ്പോഴും സത്യസന്ധത പുലർത്തുക, അതുപോലെ പണം കടം വാങ്ങുമ്പോൾ വ്യക്തമായ നിബന്ധനകളോടു കൂടി തന്നെ ചെയ്യുക. സുഹൃത്തുക്കളിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നും സഹായം തേടുമ്പോൾ ഈ പ്രധാന കാര്യങ്ങൾ പരിഗണിക്കുക:

| | |
|---|---|
| **വ്യക്തത ഉണ്ടാവുക** | • ഒരു നിശ്ചിത ലക്ഷ്യത്തിനായി ഒരു നിശ്ചിത തുക ആവശ്യപ്പെടുക |
| **സുതാര്യമായിരിക്കുക** | • നിങ്ങളുടെ നിക്ഷേപങ്ങൾ എന്തൊക്കെയാണ്?<br>• നിങ്ങളുടെ പ്രതിബദ്ധതകൾ എന്തൊക്കെയാണ്?<br>• ഉൾപ്പെട്ടിരിക്കുന്ന അപകടസാധ്യതകൾ എന്തൊക്കെയാണ്? |
| **വായ്പാ നിബന്ധനകൾ വ്യക്തമാക്കുന്ന രേഖാമൂലമുള്ള കരാറുകൾ** | • പലിശ നിരക്കുകൾ ഉൾപ്പെടെയുള്ള വായ്പ തുക<br>• വായ്പകളുടെ ഉദ്ദേശ്യം<br>• തിരിച്ചടവ് നിബന്ധനകൾ- ഒരു ഒറ്റത്തവണ തുക അല്ലെങ്കിൽ ക്രമമായ പണമടവുകൾ; ഓരോ തിരിച്ചടവിന്റെയും തുക<br>• തിരിച്ചടവ് എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമായ തിരിച്ചടവ് സമയപരിധിയും വരച്ചുകാട്ടുന്ന തിരിച്ചടവ് സമയരേഖ<br>• തിരച്ചടവ് മുടങ്ങിയാലുള്ള അനന്തരഫലങ്ങൾ |

## ക്രൗഡ് ഫണ്ടിംഗ്

ബിസിനസ്പ്രോജക്റ്റുകൾക്കും ചെലവുകൾക്കുമായി നിങ്ങൾ കമ്മ്യൂണിറ്റിയിൽ നിന്ന് ഫണ്ട് ശേഖരിക്കുന്നതാണ് ക്രൗഡ് ഫണ്ടിംഗ്. ഇത് പലപ്പോഴും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയാണ് ചെയ്യുന്നത്.

നിങ്ങളുടെ ചെറുകിട ബിസിനസ്സിനായി നിങ്ങൾക്ക് ഉപയോഗിക്കാനാവുന്ന രണ്ട് പ്രധാന തരങ്ങളിലുള്ള ക്രൗഡ് ഫണ്ടിംഗ് ഉണ്ട്:

- സംഭാവന അടിസ്ഥാനമാക്കിയുള്ള ധനസമാഹരണം - പ്രതിഫലമായി ഒന്നും സ്വീകരിക്കാതെ തന്നെ വ്യക്തികളിൽ നിന്ന് നിങ്ങളുടെ ബിസിനസിനെ സഹായിക്കുന്നതിനായി ഫണ്ട് സ്വരൂപിക്കുന്നു. കുറഞ്ഞ അപകടസാധ്യതയുള്ളതും ഉയർന്ന പ്രതിഫലം ലഭിക്കുന്നതുമായ ഈ രീതി ചെറുകിട ബിസിനസ്സുകൾക്ക് അനുയോജ്യമാണ്.
- പ്രതിഫലം അടിസ്ഥാനമാക്കിയുള്ള ധനസമാഹരണം- സംഭാവന ചെയ്യുന്നവർക്ക് അവരുടെ സംഭാവനയ്ക്ക് പകരമായി ടോക്കണുകളോ ഉൽപ്പന്നങ്ങളോ സേവനങ്ങളോ ലഭിക്കുന്നു. ഉദാഹരണത്തിന്, നിങ്ങളുടെ ബേക്കറിക്കുള്ള ഒരു പുതിയ ഓവനു വേണ്ടി പണം സമാഹരിക്കണമെങ്കിൽ, അവർ സംഭാവന നൽകിയതിന് അവർക്ക് സൗജന്യ കപ്പ് കേക്കിനുള്ള ഡിസ്കൗണ്ട് ടിക്കറ്റുകൾ നൽകാവുന്നതാണ്.

## ക്രൗഡ് ഫണ്ടിംഗിന്റെ ഗുണവും ദോഷവും

ക്രൗഡ് ഫണ്ടിംഗ് പ്ലാറ്റ്ഫോമുകൾ ബ്രാൻഡ് അവബോധം വർദ്ധിപ്പിക്കുക, ഉപഭോക്തൃ അടിത്തറ സ്ഥാപിക്കാൻ സഹായിക്കുക, വ്യക്തിഗത സാമ്പത്തിക അപകടസാധ്യത കുറയ്ക്കുക എന്നിങ്ങനെ നിരവധി പ്രയോജനങ്ങൾ നൽകുന്നു. സമാനമായ ക്രൗഡ് ഫണ്ടിംഗ് പ്രചാരണങ്ങളുള്ള കമ്പനികൾ എന്തൊക്കെ പ്രോത്സാഹനങ്ങളാണ് വാഗ്ദാനം ചെയ്യുന്നതെന്നും അവ വിജയിച്ചിട്ടുണ്ടോ എന്നും ഒക്കെ അറിയാൻ നിങ്ങൾക്ക് ഗവേഷണം നടത്താം.

എന്നിരുന്നാലും, സാധ്യതയുള്ള ദാതാക്കളിലേക്ക് എത്തിച്ചേരാനുള്ള നിങ്ങളുടെ കഴിവിനെ ആശ്രയിച്ച് ക്രൗഡ് ഫണ്ടിംഗിലെ വിജയം വ്യത്യാസപ്പെടാം.

Kickstarter, Indiegogo, GoFundMe എന്നിവ പോലെയുള്ള പ്ലാറ്റ്ഫോമുകൾ ക്രൗഡ് ഫണ്ടിംഗിനുള്ള മികച്ച ഉപകരണങ്ങളാണ്. നിങ്ങൾക്ക് ഒരു ഉൽപ്പന്നത്തെയോ സേവനത്തെയോ കുറിച്ചുള്ള വിവരങ്ങൾ പോസ്റ്റുചെയ്യാനും ഫണ്ടിംഗ് ലക്ഷ്യം സജ്ജമാക്കാനും, സമയ പരിധി നിശ്ചയിക്കാനും കഴിയും. എന്നിരുന്നാലും, ലക്ഷ്യങ്ങൾ നിറവേറ്റപ്പെടുന്നില്ലെങ്കിൽ ചില പ്ലാറ്റ്ഫോമുകൾ ഫണ്ട് റിലീസ് ചെയ്യില്ല, കൂടാതെ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾക്ക് പ്ലാറ്റ്ഫോം, പണമിടപാട് ഫീസും ആവശ്യമാണ്.



# ക്രൗഡ് ഫണ്ടിംഗ്: പ്ലാറ്റ്ഫോമുകൾ

| പ്ലാറ്റ്ഫോമുകൾ | ഗുണങ്ങൾ | ദോഷങ്ങൾ |
|---|---|---|
| KickStarter<br>www.kickstarter.com | • സഹായിക്കുന്നവർക്ക് വ്യാപാര സാധനങ്ങളും കിഴിവുകളും പോലുള്ള പ്രോത്സാഹനങ്ങൾ നൽകാൻ നിങ്ങളെ അനുവദിക്കുന്ന അവാർഡ് അടിസ്ഥാനമാക്കിയുള്ള പ്ലാറ്റ്ഫോമുകൾ<br>• ഏറ്റവും ജനപ്രിയമായ ക്രൗഡ് ഫണ്ടിംഗ് പ്ലാറ്റ്ഫോം | • നിങ്ങളുടെ ലക്ഷ്യത്തിലെത്തിയാൽ മാത്രമേ ഫണ്ടുകൾ പ്രാപ്യമാകൂ<br>• 5% പ്ലാറ്റ്ഫോം ഫീസ്<br>• പേയ്മെന്റ് പണമിടപാട് ഫീസ് (3%-5%) |
| GoFundMe<br>www.gofundme.com | • 0% പ്ലാറ്റ്ഫോം ഫീസ്<br>• നിങ്ങളുടെ ലക്ഷ്യത്തിൽ എത്തിയാലും ഇല്ലെങ്കിലും നിങ്ങൾക്ക് എല്ലാ സംഭാവനകളും കൈവശം വയ്ക്കാം<br>• 24/7 വിദഗ്ധ പിന്തുണ ലഭ്യമാണ് | • ക്രെഡിറ്റ്, ഡെബിറ്റ് കാർഡ് പണമിടപാട് ഫീസ് |
| Indiegogo<br>www.indiegogo.com | • ഒരു നിശ്ചിത ഫണ്ടിംഗ് ലക്ഷ്യം (എല്ലാം ലക്ഷ്യവും അല്ലെങ്കിൽ ഒരു ലക്ഷ്യമില്ല) അല്ലെങ്കിൽ അനിശ്ചിത ഫണ്ടിംഗ് (നിങ്ങൾ ലക്ഷ്യം നേടിയാലും ഇല്ലെങ്കിലും നിങ്ങൾക്ക് ഫണ്ട് ലഭ്യം) തിരഞ്ഞെടുക്കാനുള്ള കഴിവ്<br>• നിങ്ങളുടെ ധനസമാഹരണ പ്രചാരണം അവസാനിച്ചതിന് ശേഷവും പണം സ്വരൂപിക്കുന്നത് തുടരാൻ Indiegogo InDemand നിങ്ങളെ അനുവദിക്കുന്നു | • 5% പ്ലാറ്റ്ഫോം ഫീസ് ഈടാക്കുന്നു<br>• മൂന്നാം കക്ഷി പേയ്മെന്റ് പ്രോസസ്സിംഗിനുള്ള ഫീസ് |

# ഗ്രാന്റുകൾ

ഒരു ഗ്രാന്റ് എന്നത് പ്രത്യേക ആവശ്യത്തിനായി ഒരു ബിസിനസ്സിന് നൽകുന്ന ഫണ്ടിന്റെ ഒരു രൂപമാണ്. സർക്കാർ ഏജൻസികൾ, ബാങ്കുകൾ/ക്രെഡിറ്റ് യൂണിയനുകൾ അല്ലെങ്കിൽ ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങൾ പോലുള്ള പൊതു സ്ഥാപനങ്ങളിൽ നിന്ന് ഫണ്ടുകൾ വരാം.

നിങ്ങൾ ഒരു വായ്പ എടുക്കുമ്പോൾ വായ്പ തിരിച്ചടക്കാനുള്ള നിങ്ങളുടെ കഴിവ് നിങ്ങൾ പ്രകടമാക്കണമെന്ന് വായ്പ നല്കുന്നവർ ആഗ്രഹിക്കുന്നു, എന്നാൽ ഗ്രാന്റുകൾ വാഗ്ദാനം ചെയ്യുന്ന ഒരു ഏജൻസി ആഗ്രഹിക്കുന്നത് നിങ്ങളുടെ ബിസിനസ് അതിന്റെ ദൗത്യവുമായോ ഒരു പ്രത്യേക സംരംഭവുമായോ അനുരൂപമാകണം എന്നാണ്. വായ്പകളിൽ നിന്ന് വ്യത്യസ്തമായി, ഗ്രാന്റുകൾക്ക് തിരിച്ചടവ് ആവശ്യമില്ല, കൂടാതെ സാധാരണയായി അത് ബിസിനസ് തീരുമാനങ്ങളെ ബാധിക്കാറുമില്ല.

ഗ്രാന്റുകളുടെ മറ്റൊരു നേട്ടം, അവയ്ക്ക് ഒരു യോഗ്യത നേടുന്നതിന് സാധാരണയായി ക്രെഡിറ്റ് സ്റ്റാൻഡേർഡ് ആവശ്യമില്ല എന്നതാണ്. എന്നിരുന്നാലും, ഗ്രാന്റുകൾക്ക് പലപ്പോഴും പാലിക്കാൻ പ്രയാസമായ കർശനമായ യോഗ്യതാ നിയന്ത്രണങ്ങൾ, നികുതി പ്രത്യാഘാതങ്ങൾ, ഗ്രാന്റ് എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെക്കുറിച്ചുള്ള ആവശ്യകതകൾ ഉണ്ട്. മിക്ക ഗ്രാന്റുകളും നൽകിയിരിക്കുന്നത് ഫണ്ടറുടെ ദൗത്യവുമായോ മുൻകൈയുമായോ ബിസിനസ് എത്രത്തോളം യോജിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ്, കുറഞ്ഞ വിജയ നിരക്കുകളിൽ ഗ്രാന്റ് അപേക്ഷകൾ വളരെ മത്സരാധിഷ്ഠിതമാണ്.



## വായ്പകൾ

നിങ്ങളുടെ ബിസിനസ്സിന് സ്വയം ധനസഹായം നൽകുന്നത് ഒരു സാദ്ധ്യതയല്ലെങ്കിൽ, **വായ്പകൾ** ഒരു പൊതു ബദലാണ്. പണപ്രവാഹം വർദ്ധിപ്പിക്കാനും വിലകൂടിയ ഉപകരണങ്ങൾ വാങ്ങാനും നിങ്ങളുടെ ബിസിനസ് വളരാനും ബിസിനസ് വായ്പകൾ നിങ്ങളെ സഹായിക്കുന്നു.

പരമ്പരാഗത ബിസിനസ് വായ്പകളിൽ നിന്ന് വ്യത്യസ്തമായി, ചെറുകിട ബിസിനസ് വായ്പകൾ പലപ്പോഴും കുറഞ്ഞ പലിശ നിരക്കുകളോടെയും, വഴക്കമുള്ള ഡൗൺ പേയ്മെന്റുകളോടെയും, എളുപ്പമുള്ള വായ്പാ അപേക്ഷകളോടെയുമാണ് എത്തുന്നത്.

### വായ്പ എടുക്കാൻ തീരുമാനിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

- ഫണ്ടുകളുടെ ഉപയോഗം
  - നിങ്ങൾ എങ്ങനെയാണ് ഫണ്ട് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത് എന്നതിനെ കുറിച്ച് വായ്പ നല്കുന്നവർക്ക് വ്യക്തമായ ധാരണ ആവശ്യമാണ്, അതിനാൽ നിങ്ങൾക്ക് എന്തിനാണ് വായ്പ ആവശ്യമായി വരുന്നതെന്ന് കൃത്യമായി വ്യക്തമാക്കുക

- അടക്കേണ്ട തുക
  - നിങ്ങൾ എടുക്കുന്ന വായ്പയുടെ പ്രതിമാസ തിരിച്ചടവ് തുക നിങ്ങൾക്ക് താങ്ങാനാകുമോ?
  - നിങ്ങൾക്ക് പലിശ-മാത്രം പേയ്മെന്റുകൾ നടത്താൻ കഴിയുമോ?
  - ആവശ്യമെങ്കിൽ വായ്പ തിരിച്ചടവ് നിങ്ങൾക്ക് മാറ്റിവയ്ക്കാമോ?

- ചെലവ്
  - നിങ്ങൾക്ക് പലിശ ചെലവുകൾ താങ്ങാനാകുമോ?
  - വായ്പ നേരത്തെ അടച്ച് തീർക്കുന്നതിന് ഫീസ് ഉണ്ടോ?

- സമയം
  - വായ്പയ്ക്ക് അപേക്ഷിക്കാനുള്ള ഏറ്റവും നല്ല സമയം നിങ്ങൾക്ക് ഫണ്ട് ആവശ്യമില്ലാത്ത സമയമാണ്. വായ്പാ അപേക്ഷാ പ്രക്രിയ ദൈർഘ്യമേറിയതാണ്, അതിനാൽ നിങ്ങളുടെ ആവശ്യങ്ങൾ മുൻകൂട്ടി അറിയേണ്ടത് പ്രധാനമാണ്.



| ഒരു വായ്പയ്ക്ക് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ | |
|---|---|
| **നിങ്ങളുടെ വായ്പ നല്കുന്നവരുമായി ബന്ധപ്പെടുക** | • ആദ്യം, നിങ്ങൾക്ക് നിലവിൽ ബാങ്കിംഗ് ബന്ധമുള്ള പ്രാദേശിക ബാങ്കുകളിൽ നിന്നോ ക്രെഡിറ്റ് യൂണിയനുകളിൽ നിന്നോ ആരംഭിക്കുക. ഒരു ബാങ്ക് ഒരു ഓപ്ഷനല്ലെങ്കിൽ, നഗരവും സംസ്ഥാനവും സ്പോൺസർ ചെയ്യുന്ന വായ്പകളും കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ധനകാര്യ സ്ഥാപനങ്ങളും നല്ല ബദൽ വായ്പാദായകരാണ്. |
| **വായ്പാ അപേക്ഷ തുക നിർണ്ണയിക്കുക** | • നിങ്ങളുടെ ചെലവുകൾ വഹിക്കുന്നതിന് എത്രത്തോളം നിങ്ങൾക്ക് ആവശ്യമാണെന്ന് നിർണ്ണയിക്കുക<br>• നിങ്ങളുടെ ചെലവ് ഒറ്റത്തവണയുള്ളതാണോ ആവർത്തിക്കുന്നതാണോ എന്ന് നിർണ്ണയിക്കുക |
| **വായ്പാദായകരുടെ ആവശ്യകത പരിഗണിക്കുക** | • നിങ്ങളുടെ അപേക്ഷയ്ക്കായി സമർപ്പിക്കേണ്ട രേഖകൾ എന്താണെന്ന് മനസ്സിലാക്കുക |
| **ഉദ്ദേശ്യം നിർണ്ണയിക്കുക (നിങ്ങൾ ഫണ്ട് എങ്ങനെ ഉപയോഗിക്കും)** | • ഉദാഹരണത്തിന്:<br>  ◦ പുതിയ ഉപകരണങ്ങളോ സാമഗ്രികളോ വാങ്ങുക<br>  ◦ ഒരു കെട്ടിടം/ കടമുറി വാങ്ങുക അല്ലെങ്കിൽ വാടകയ്ക്ക് എടുക്കുക<br>  ◦ ജീവനക്കാർക്ക് ശമ്പളം കൊടുക്കുക |
| **നിങ്ങളുടെ വായ്പ തിരിച്ചടവ് തുക കണക്കാക്കുക** | • നിങ്ങൾ ഒരു വായ്പയ്ക്ക് സമ്മതിക്കുന്നതിനു മുമ്പ് പ്രതിമാസ പേയ്മെന്റുകൾ നിങ്ങൾക്ക് താങ്ങാനാകുമെന്ന് ഉറപ്പാക്കുക<br>• നിങ്ങൾ വായ്പ എങ്ങനെ തിരിച്ചടയ്ക്കുമെന്നും നിങ്ങൾക്ക് ദീർഘകാല അല്ലെങ്കിൽ ഹ്രസ്വകാല തിരിച്ചടവ് സമയരേഖ വേണമോ എന്നും നിർണ്ണയിക്കുക<br>• ഓരോ മാസവും നിങ്ങൾ അടയ്ക്കുന്ന തുകകൾ ക്രമീകരിക്കാൻ കഴിയുമോ അതോ എല്ലാ തവണയും അത് ഒന്നുതന്നെയാണോ എന്ന് സ്ഥിരീകരിക്കുക |

## ചെറുകിട ബിസിനസ് ലോൺ അപേക്ഷയുടെ പൊതുവായ ചെക്ക്‌ലിസ്റ്റ്

നിങ്ങൾ ഒരു വായ്പയ്ക്ക് അപേക്ഷിക്കാൻ തയ്യാറായിക്കഴിഞ്ഞാൽ, നിങ്ങളുടെ വായ്പ അപേക്ഷയ്ക്കായി സാമ്പത്തിക, ബിസിനസ് ഡോക്യുമെന്റുകൾ തയ്യാറാക്കേണ്ടതുണ്ട്.

**ധനകാര്യ രേഖകൾ**

താഴെ പറയുന്നവ ഏറ്റവും സമീപകാലത്തേത് ആവശ്യമായിവരും:

- വ്യക്തിഗത, ബിസിനസ് നികുതി റിട്ടേണുകൾ
- താഴെ പറയുന്നവ ഉൾപ്പെടെയുള്ള ധനകാര്യ സ്റ്റേറ്റ്മെന്റുകൾ
  - പ്രോഫിറ്റ് ആന്റ് ലോസ്സ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്, പണപ്രവാഹത്തിന്റെ സ്റ്റേറ്റ്മെന്റ്
- താഴെ പറയുന്നവ ഉൾപ്പെടെയുള്ള വ്യക്തിഗത സ്റ്റേറ്റ്മെന്റുകൾ
  - o സാമൂഹ്യ സുരക്ഷാ നമ്പർ അല്ലെങ്കിൽ ITIN നമ്പർ, വരുമാനം, ക്രെഡിറ്റ് ചരിത്രം, ഇടപാട് ചരിത്രം, പേയ്മെന്റ്, ചെക്കിങ് അക്കൗണ്ട് വിവരങ്ങൾ

**ബിസിനസ് പ്രമാണങ്ങൾ**

- ബിസിനസ് ഘടനയും നിയമപരമായ പ്രമാണങ്ങളും
  - ആർട്ടിക്കിൾസ് ഓഫ് ഇൻകോർപ്പറേഷൻ
  - ബിസിനസ് രജിസ്ട്രേഷനും ലൈസൻസുകളും
  - നിയമാവലികളും പ്രവർത്തന നടപടിക്രമങ്ങളും
  - നിങ്ങൾ ഒരു സ്ഥലം വാടകയ്ക്കെടുക്കുകയോ നിങ്ങളുടെ ബിസിനസ്സിന് നിർണായകമായ ഏതെങ്കിലും ഉപകരണങ്ങൾ പാട്ടത്തിനെടുക്കുകയോ ചെയ്യുകയാണെങ്കിൽ നിങ്ങളുടെ ബിസിനസ്പാട്ടത്തിന്റെ പകർപ്പ്
- ബിസിനസ് പ്ലാൻ
  - ഇത് നിങ്ങളുടെ ബിസിനസ് നിക്ഷേപത്തിന് മൂല്യവത്താണെന്ന് വായ്പ നല്കുന്നവരോട് അറിയിക്കാനുള്ള ഒരു അവസരമാണ്. ഇതിൽ നിങ്ങളുടെ ധനകാര്യ ആസൂത്രണം, ദൗത്യ പ്രസ്താവന, തന്ത്രം എന്നിവ ഉൾപ്പെടും.

**വായ്പ അപേക്ഷകൾക്ക് ആവശ്യമായ ധനകാര്യ, ബിസിനസ് പ്രമാണങ്ങളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ദയവായി സന്ദർശിക്കുക: https://www.sba.gov/funding-programs/loans/7a-loans**

## NYS കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഫിനാൻഷ്യൽ സ്ഥാപനങ്ങൾ (CDFIs)

കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഫിനാൻഷ്യൽ സ്ഥാപനങ്ങൾ കുടിയേറ്റക്കാർക്കും സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതും താഴ്ന്ന വരുമാനമുള്ളതുമായ കമ്മ്യൂണിറ്റികൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പകൾ, ഗ്രാന്റ് അവസരങ്ങൾ, മുഖാമുഖ കോച്ചിംഗ്, പരിശീലന പരിപാടികൾ പോലുള്ള സാമ്പത്തിക സേവനങ്ങൾ എന്നിവയിലൂടെ സഹായം വാഗ്ദാനം ചെയ്യുന്നു.

CDFI ധനസമാഹരണം പ്രാപ്യമാകുന്നതിനു മാത്രമല്ല, നിങ്ങളുടെ ചെറുകിട ബിസിനസ്ആരംഭിക്കുന്നതിനും അതിന്റെ ധനസമാഹരണതിനും വളർച്ചയ്ക്കും ആവശ്യമായ വിലയേറിയ അറിവ് നേടുന്നതിനുമുള്ള ഒരു മികച്ച സ്രോതസ്സ് കൂടിയാണ്. ചുവടെ പറഞ്ഞിരിക്കുന്നവ നിങ്ങളുടെ ബിസിനസ്യാത്രയിൽ നിങ്ങളെ സഹായിക്കാൻ കഴിയുന്ന NYS അധിഷ്ഠിത CDFI-കളാണ്:

| | |
|---|---|
| **Accompany Capital**<br>Accompanycapital.org | **BOC Capital**<br>Boccapital.org |
| **Renaissance Economic Development Corporation**<br>renaissance-ny.org | **Pursuit**<br>https://pursuitlending.com/ |
| **TruFund Financial Services**<br>https://www.trufund.org/ | **ഇത് സന്ദർശിക്കുന്നതിലൂടെ നിങ്ങൾക്ക് ന്യൂയോർക്ക് സ്റ്റേറ്റിലെ അധിക CDFI-കളുടെ ഒരു പട്ടിക കണ്ടെത്താം:**<br>https://www.nyscdfi.org/nyscdfis |